# സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ്

സംസ്ഥാന മൃഗസംരക്ഷണ വകുപ്പ്
പാലോട്,പച്ച(പി.ഒ)
ഫോൺ 0472 2840252
e-mail: cdio.ahd@kerala.gov.in


---

No .AHD/TVM/SIAD/PALD/2020-C Date 10 /04/2020

## കോവിഡ് 19 നിയന്ത്രണം സംബന്ധിച്ച് സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് പൊതുജനങ്ങൾക്കായി നൽകുന്ന നിർദ്ദേശങ്ങൾ

ചില വിദേശരാജ്യങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം ന്യൂയോർക്കിൽ മൃഗശാലയിലെ ഏതാനും കടുവകളിലും ഹോങ്കോങ്ങിൽ വളർത്തുപൂച്ചയിലും കൊറോണാ വൈറസ് സാന്നിദ്ധ്യം കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് .എന്നാൽ ശ്രദ്ധേയമായ കാര്യം ഈ കേസുകളിലെല്ലാം തന്നെ രോഗബാധിതരായ മനുഷ്യരിൽ നിന്നുള്ള നിരന്തര സമ്പർക്കം മൃഗങ്ങൾക്ക് ഉണ്ടായിരുന്നുവെന്നാണ്. ഇതൊഴിച്ചാൽ മൃഗങ്ങളിൽ കോവിഡ് 19 രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.അതിനാൽത്തന്നെ മൃഗങ്ങളിലെ രോഗബാധ സംബന്ധിച്ച് ആശങ്കാജനകമായ യാതൊരു സാഹചര്യവും സംസ്ഥാനത്ത് നിലവിലില്ല.

- നിലവിൽ ലഭ്യമായ എപിഡെമിയോളജിക്കൽ റിപ്പോർട്ടുകൾ പ്രകാരം ലോകത്തെവിടെയും മൃഗങ്ങളിൽ നിന്നും മനുഷ്യർക്ക് കോവിഡ്19 രോഗബാധയുണ്ടായതായി യാതൊരു സ്ഥിരീകരണവുമില്ല. അതിനാൽത്തന്നെ ഇത്തരം ഒരു ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

- കോവിഡ്19 നിരീക്ഷണത്തിലുള്ളവരുടെയും രോഗബാധയുള്ളവരുടെയും വീട്ടുകളിലെ വളർത്തുമൃഗങ്ങളെ നിരീക്ഷണത്തിൽ വയ്ക്കുന്നതിനും അസാധാരണ രോഗലക്ഷണങ്ങളോ മരണനിരക്കോ ശ്രദ്ധയിൽപ്പെട്ടാൽ റിപ്പോർട്ട് ചെയ്യുന്നതിനും മൃഗസംരക്ഷണ വകുപ്പ് നിർദ്ദേശം നൽകിയിരുന്നു.ഇത് തുടർന്നും പാലിച്ചുവരുന്നുണ്ട്.എന്നാൽ

അസാധാരണമായി ഒന്നും തന്നെ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

- മേൽസാഹചര്യത്തിൽ വളർത്തുമൃഗങ്ങൾ നിലവിൽ സുരക്ഷിതരാണ്. അനാവശ്യമായി അവയെ പരിശോധനയ്ക്ക് വിധേയമാക്കേണ്ട ഒരു സാഹചര്യവും നിലവിലില്ല.
- അടിയന്തിര വൈദ്യസഹായം ലഭ്യമാക്കേണ്ട സാഹചര്യത്തിലൊഴികെ വളർത്തുമൃഗങ്ങളുമായി മൃഗാശുപത്രികളിലേക്ക് പോയി തിരക്കുണ്ടാക്കുന്നത് സാമൂഹിക അകലം പാലിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.
- കോവിഡ് 19 നിരീക്ഷണത്തിലുള്ള ആളുകൾ തങ്ങളുടെ വീട്ടിലെ വളർത്തുമൃഗങ്ങളെ കൈകാര്യം ചെയ്യുന്നത് കഴിവതും ഒഴിവാക്കുക. അഥവാ കൈകാര്യം ചെയ്താൽ മാസ്ക് ഗ്ലൗസ് തുടങ്ങിയവ ധരിച്ച് മാത്രം അപ്രകാരം ചെയ്യുക.
- വളർത്തുമൃഗങ്ങളെ വിവിധ രോഗബാധകളിൽ നിന്നും സംരക്ഷിക്കുന്നതിന് ശുചിത്വം പാലിക്കുക.അവയ്ക്ക് യഥാസമയം ഭക്ഷണവും ശുദ്ധജലവും ലഭ്യമാക്കി സംരക്ഷിക്കുക

മൃഗസംരക്ഷണവകുപ്പ് ഡയറക്ടർക്കുവേണ്ടി,

DIGITALLY SIGNED BY
**CHIEF DISEASE INVESTIGATION OFFICER**
ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ

ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ